വിളിക്കാൻ തീരുമാനിച്ച അവസരത്തിൽ ചില റിപ്പോർട്ടുകളുണ്ടായിരുന്നു. Zero hour ഉണ്ടാകുമോ, സബ്മിഷൻ ഉണ്ടാകുമോ, അടിയന്തിര പ്രമേയമുണ്ടാകുമോ, കാളിങ്ങ് അറ്റൻഷൻ സന്ദർഭമുണ്ടാകുമോ എന്നുള്ള രീതിയിലുള്ള സംശയങ്ങൾ പുറപ്പെടുവിച്ചുകൊണ്ടുള്ള പല റിപ്പോർട്ടുകളുമുണ്ടായിരുന്നു. പക്ഷേ ആ തരത്തിലുള്ള റിപ്പോർട്ടുകൾക്കും ആ സന്ദേഹങ്ങൾക്കുമുള്ള അവസരമില്ലാതെ അംഗങ്ങൾക്ക് സാധാരണനിലയിലുള്ള ചോദ്യങ്ങൾക്കുള്ള പ്രയാസമൊഴിച്ചാൽ മറ്റ് സഭാനടപടികളെ സംബന്ധിച്ചുള്ള എല്ലാ അവകാശങ്ങളും സംരക്ഷിക്കുന്നതിനാവശ്യമായ നടപടി ചെയർ സ്വീകരിച്ചിട്ടുണ്ട്. അംഗങ്ങൾക്ക് അത് ബോദ്ധ്യമാകുകയും ചെയ്യുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവും വേണ്ട. മറ്റൊരു പ്രധാനമായ പ്രശ്നം, ബില്ലുകളെ സംബന്ധിച്ചാണ്. ബില്ലുകൾ ലെജിസ്ലേച്ചർ സെക്രട്ടേറിയറ്റിൽ നിന്നും 23-ാം തീയതിതന്നെ ബഹുമാനപ്പെട്ട എല്ലാ മെമ്പർമാർക്കും അയച്ചുകൊടുത്തിട്ടുണ്ട്. എം.എൽ.എ. ഹോസ്റ്റലിലും കൊടുത്തിട്ടുണ്ട്. ഈ ചുരുങ്ങിയ സമയത്തിനുള്ളിൽ സാദ്ധ്യമായത് അത് മാത്രമാണ്. അതല്ലാതെ മറ്റ് യാതൊരു പോംവഴിയും അക്കാര്യത്തിലില്ല.

ശ്രീ. കെ. പി. പ്രഭാകരൻ: സർ, 5 ബില്ലിൽ ഒരെണ്ണംപോലും കിട്ടിയിട്ടില്ല.

മി. സ്പീക്കർ: അതുകൊണ്ടുതന്നെ ഭേദഗതി അവതരിപ്പിക്കാനുള്ള നമ്മുടെ നടപടിക്രമങ്ങളിൽ അയവ് വരുത്തി, ഈ ഷോർട്ട് നോട്ടീസ് സമ്മേളനത്തിന്റെ ഫലമായി അംഗങ്ങൾക്കുണ്ടാകാവുന്ന അസൗകര്യങ്ങൾ കഴിയുന്നിടത്തോളം ഒഴിവാക്കാനും, അവകാശങ്ങൾ നിഷേധിക്കാതിരിക്കാനുമുള്ള സാദ്ധ്യമായ എല്ലാ നടപടികളും സ്വീകരിച്ചിരിക്കുകയാണ്. അതുകൊണ്ട്, ഇതിന് വിശദമായ ചർച്ചയുടെ ആവശ്യമുണ്ടെന്ന് തോന്നുന്നില്ല.

ശ്രീ. ബേബിജോൺ: സർ, ഈ ഗവൺമെന്റ് സമ്മേളനം വിളിച്ചുകൂട്ടാൻ തീരുമാനം എടുക്കുന്നത് ഇങ്ങനെയാണ്. അംഗങ്ങളുടെ അവകാശങ്ങൾ നിഷേധിക്കുന്ന രീതിയിലാണ്. അത് മാത്രമാണ് ഞാൻ പോയിന്റ് ഔട്ട് ചെയ്തത്.

VII. മേശപ്പുറത്തുവച്ച കടലാസ്സുകൾ

ശ്രീ. വർക്കല രാധാകൃഷ്ണൻ: സർ, ഇപ്പോൾ മേശപ്പുറത്ത് ശ്രീ. കെ. എം. മാണി വയ്ക്കാൻ ഉദ്ദേശിക്കുന്നത് 3 എണ്ണമാണ്. 1. കേരള മുനിസിപ്പാലിറ്റി ലാസ് അമൻഡ്മെന്റ് ഓർഡിനൻസ്. 2. ടൗൺ പ്ലാനിംഗ് ലാസ് അമൻഡ്മെന്റ് ഓർഡിനൻസ്. പിന്നെ വേറൊന്ന് ശ്രീ. കെ. ശിവദാസന്റെ കേരള ലേബർ വെൽഫെയർ ഫണ്ട് ഓർഡിനൻസ്. ഈ 3 ഓർഡിനൻസും നിലവിലില്ല. ഇന്ന് ഇവ ഇല്ലാതായിത്തീർന്നിരിക്കുകയാണ്. ഇല്ലാതായിത്തീർന്നിരിക്കുന്ന ഈ ഓർഡിനൻസ് ഈ സഭയിൽ വയ്ക്കാൻ പാടില്ല. ഞാൻ എന്റെ വാദത്തിന് അടിസ്ഥാനമായി സ്വീകരിച്ചിരിക്കുന്നത്, സുപ്രീം കോടതിയിൽ നിന്നും Full Bench വാദത്തിന്റെ അടയാളസഹിതമുള്ള പകർപ്പാണ്. 5 ജഡ്ജിമാർ ഒപ്പിട്ടിട്ടുണ്ട്. ചീഫ് ജസ്റ്റീസ് അടക്കം 5 ജഡ്ജിമാർകൂടി പുറപ്പെടുവിച്ച യുനാനിമസ് ഡിസിഷനാണ് ഇതിലുണ്ടായിരിക്കുന്നത്. ആ ഡിസിഷനിലെ പ്രസക്തമായ ഭാഗം

LIBRARY ARCHIVES Kerala Legislative Assembly

മാത്രം ഈ സഭയിൽ വായിക്കാം. In page 19, 'it is obvious that the maximum life of an Ordinance cannot exceed seven and a half months unless it is replaced by an Act of the Legislature or disapproved by the resolution of the Legislature before the expiry of that period.' ഈ ജഡ്ജിമാർ പറഞ്ഞിരിക്കുന്നത് ഭരണഘടനയനുസരിച്ച് 6 മാസത്തെ കാലാവധി, അതിന് പുറമേ 6 ആഴ്ച അല്ലെങ്കിൽ 42 ദിവസം. ഇതെല്ലാംകൂടി കൂട്ടിച്ചേർത്ത് സുപ്രീം കോടതി തീരുമാനപ്രകാരം ഒരു ഓർഡിനൻസിന്റെ ആയുർദൈർഘ്യം അവർ ഐകകണ്ഠ്യേന തീരുമാനിച്ചിരിക്കുന്നത് 7.5 മാസമാണ്. ഇൻഡ്യയൊട്ടാകെ ഇത് ബാധകമാണ്. ഇവിടെ അവതരിപ്പിച്ചിരിക്കുന്ന 3 ബില്ലും ഈ കാലാവധി കഴിഞ്ഞതാണ്. ഏഴര മാസമല്ല വർഷങ്ങളായ ഓർഡിനൻസുകളാണ്. ഇത് Repromulgation ആണ്. റീപ്രൊമുൽഗേഷനെ സംബന്ധിച്ച് പ്രസക്തമായ സുപ്രീം കോടതിയുടെ ജഡ്ജ്മെന്റിന്റെ ബാക്കിഭാഗംകൂടി ഞാൻ വായിക്കാം. ഇപ്പോൾ കാലാവധി സംബന്ധിച്ച് ഏഴര മാസമാണ്. ഭരണഘടനയുടെ 213 (1) അനുസരിച്ച് ഒരു ഓർഡിനൻസ് പുറപ്പെടുവിച്ചാൽ 6 മാസത്തിനുള്ളിൽ നിയമസഭ കൂടണം എന്നുള്ളത് കമ്പൽസറിയാണ്, ഭരണഘടനാപരമാണ്. ആ ഭരണഘടനയനുസരിച്ച് കൂടിയാൽ 42 ദിവസത്തിനുള്ളിൽ നിയമം ഒന്നുകിൽ അംഗീകരിക്കണം അല്ലെങ്കിൽ 213 (ബി) അനുസരിച്ച് റിജക്ട് ചെയ്യണം. അതല്ലെങ്കിൽ സ്വയമേവ ഏഴര മാസം കഴിയുമ്പോൾ ഈ ഓർഡിനൻസ് അസാധുവായിത്തീരും; അതനുസരിച്ച് ബഹുമാനപ്പെട്ട കോടതി ഇൻഡ്യക്കാകെ ബാധകമാക്കിയിട്ടുള്ളതാണ് ഈ തീരുമാനം. കേരളം ഒഴിവാക്കിയിട്ടില്ല. It is significant to note that so far as the President of India is concerned, though he has the same power of issuing an Ordinance under Article 123 as the Governor has under Article 213, there is not a single instance in which the President has, since 1950 till today, repromulgated any Ordinance after its expiry. The startling facts which we have narrated above clearly show that the Executive in Bihar has almost taken over the role of the Legislature in making laws, not for a limited period, but for years together in disregard of the constitutional limitations. This is clearly contrary to the constitutional scheme and it must be held to be improper and invalid. We hope and trust that such practice shall not be continued in the future and that whenever an Ordinance is made and the Government wishes to continue the provisions of the Ordinance in force after the assembling of the Legislature, a Bill will be brought before the Legislature for enacting those provisions into an Act. There must not be Ordinance-Raj in the country. മേശപ്പുറത്തുവയ്ക്കുന്ന 3 ഓർഡിനൻസുകളും കാലഹരണപ്പെട്ടതായതുകൊണ്ട് അത്, മേശപ്പുറത്ത് വയ്ക്കാൻ പാടില്ലെന്നാണ് എന്റെ അഭിപ്രായം.

ശ്രീ. എ. വി. താമരാക്ഷൻ: സർ, നമ്മുടെ ഭരണഘടനയുടെ ആർട്ടിക്കിൾ 213 (2) (എ) അനുസരിച്ചാണ് ബഹുമാന്യനായ മന്ത്രി ഈ ഓർഡിനൻസുകൾ ഈ സഭയിൽ വെക്കുന്നത്. എന്നാൽ ബഹുമാനപ്പെട്ട വർക്കല രാധാകൃഷ്ണൻ ചൂണ്ടിക്കാണിച്ചതുപോലെ ആർട്ടിക്കിൾ 213 (1) അനുസരിച്ച് ഈ ഓർഡിനൻസ് ഇപ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

നിലവിലില്ല. 20-12-1986-ൽ സുപ്രീംകോടതിയുടെ വിധിയെ തുടർന്ന് കേരളത്തിൽ ഈ ഓർഡിനൻസുകൾ ഇപ്പോൾ നിലവിലില്ല 213 (1) അനുസരിച്ച് നിലവിലില്ലാത്ത ഒരു ഓർഡിനൻസിനെ ബന്ധപ്പെടുത്തിക്കൊണ്ട് 213 (2) (എ) അനുസരിച്ച് എങ്ങനെയാണ് ഈ സഭയിൽ വയ്ക്കാൻ കഴിയുക. മറൊരു പോയിന്റ് ഉണ്ട്. 'The Government cannot by-pass the Legislature and without enacting the provisions of the Ordinance into an Act of the Legislature, repromulgate the Ordinance as soon as the Legislature is prorogued. Of course, there may be a situation where it may not be possible for the Government to introduce and push through in the Legislature a Bill containing the same provisions as in the Ordinance, because the Legislature may have too much legislative business in a particular Session or the time at the disposal of the Legislature in a particular Session may be short, and in that event, the Governor may legitimately find that it is necessary to repromulgate the Ordinance. ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ഈ ഓർഡിനൻസുകൾക്ക് ഇത് ബാധകമല്ലേ. കേരള ലേബർ വെൽഫെയർഫണ്ട് ഓർഡിനൻസ് ആദ്യം ഇറക്കിയത് 1984-ൽ ആണ്. അതിനുശേഷം പത്തുപ്രാവശ്യം ഓർഡിനൻസ് ഇറക്കിയതിനുശേഷമാണ് അത് ബില്ലാക്കിയത്. അതുപോലെ തന്നെ ടൗൺ പ്ലാനിംഗ് ബിൽ, നാലുപ്രാവശ്യം ഓർഡിനൻസ് ഇറക്കിയതാണ്. കേരള മുനിസിപ്പൽ (അമെൻഡ്മെന്റ്) ഓർഡിനൻസ് 9 പ്രാവശ്യമായി. സുപ്രീം കോടതിയുടെ ജഡ്ജ്മെന്റിൽ അസാധാരണ സന്ദർഭങ്ങളിൽ ഏഴരമാസം കഴിഞ്ഞ് ഒരിക്കൽ കൂടി ഇത് അവതരിപ്പിക്കാം എന്ന ആർഗ്യുമെന്റ് കേരളത്തിനും ബാധകമല്ലേ?

20-12-1986-ലെ സുപ്രീംകോടതി വിധിയോടുകൂടി കേരളത്തിൽ ഭരണഘടനാപരമായ പ്രതിസന്ധി ഉണ്ടായിരിക്കുന്നു. ഈ ഓർഡിനൻസിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ നടത്തികൊണ്ടിരിക്കുന്നതും നടത്തിയതുമായ എല്ലാ കാര്യങ്ങളും നിയമസാധുതയില്ലാത്തതാണ്. ആ കാര്യങ്ങളിൽ നടപടി സ്വീകരിക്കണം. അതുകൊണ്ട് ഇത് പിൻവലിച്ചുകൊണ്ട് ഒരു ഫ്രെഷ് ബിൽ കൊണ്ടുവരണം. ഇതാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്.

Minister for Law and Irrigation (**Shri K. M. Mani**): Sir, my submission is that the Hon'ble Member Shri Varkala Radhakrishnan has not properly understood the Supreme Court Judgement. Now here in the Supreme Court Judgement it is stated that repromulgation is not valid. Whereas it is otherwise;.....Sir, I am referring to the Judgement. In the copy of the Judgement on page 20 where it is stated "Of course, there may be a situation where it may not be possible for the Government to introduce and push through in the Legislature a Bill containing the same provisions as in the Ordinance, because the Legislature may have too much legislative business in a particular Session or the time at the disposal of the Legislature in a particular Session may be short, and in that event, the Governor may legitimately find that it is necessary to repromulgate the Ordinance, where such is the case, repromulgation of the Ordinance may not be open to attack". Sir, therefore my submission is that

LIBRARY ARCHIVES Kerala Legislative Assembly

unlike the Bihar Ordinances none of the Kerala Ordinances has been questioned in a Court of Law. All the Ordinances are enforced now. ഈ ഓർഡിനൻസ് മുഴുവൻ ഇന്ന് ഫോഴ്സിലുണ്ട്. "The Speaker is not at all competent to sit on judgement as to whether an Ordinance which has been promulgated by the Governor under article 213 (2) of the Constitution is valid or not". Sir, I am referring to Shakdher and Kaul page,523 "Since an Ordinance has the force of Law the validity of the Ordinance cannot be decided by the ruling of the Speaker". ഇവിടെ ഇപ്പോൾ പ്രസക്തമായ ചോദ്യം 'നിലവിലില്ലാത്ത' ഒരു ഓർഡിനൻസ് റീപ്ലേസ് ചെയ്യുന്നതിന് ബിൽ ഇവിടെ അവതരിപ്പിക്കാൻ അവകാശമുണ്ടോ എന്നതാണ്. എക്സിക്യൂട്ടീവും ലെജിസ്ലേച്ചറും തമ്മിൽ സെപ്പറേഷൻ ഓഫ് പവേഴ്സ് നിലനിൽക്കുന്നിടത്തോളം കാലം ആർട്ടിക്കിൾ 213 അനുസരിച്ച് ഒരു ഓർഡിനൻസ് പുറപ്പെടുവിച്ചുകഴിഞ്ഞാൽ അത് ഇൻവാലിഡാണെന്ന് ലെജിസ്ലേച്ചറിന് പറയാൻ അവകാശമില്ല. "Whereas it should be agitated in the High Court or Supreme Court. Unless the High Court has invalidated the Ordinances those Ordinances are in force. Suppose an Ordinance has been questioned in the Court. Suppose an Ordinance has been invalidated by the High Court. Even then there is no bar to take up an ordinance-replacing Bill by the Legislature. That is my point. Again I am referring to page 526 of Shakdher and Kaul. "The fact that an Ordinance has been challenged in a court of law and the court issued a rule nisi (that is, an injunction) Government has no bar in taking up the Bill seeking to replace that Ordinance". ഇവിടെ വാദി പ്രതിയായിരിക്കുന്നു. The Bihar Legislation has been struck down by the Supreme Court. But the Court has not struck down the Kerala Ordinance. Therefore, the Ordinances are in force. Secondly the Speaker is not competent to give ruling on the validity; therefore, even if the court has declared that the Kerala Ordinance is not valid even after that, there is no bar for the Government to move the House that the Ordinance replacing Bill may be considered. This is my humble submission. സുപ്രീംകോടതി ജഡ്ജ്മെന്റ് ഉണ്ടായി എന്നുള്ളതുകൊണ്ട് ഇവിടുത്തെ ഓർഡിനൻസ് പോയി എന്നുള്ള ധാരണ ശരിയല്ല.

ശ്രീ. ബേബിജോൺ: സർ, സുപ്രീംകോടതി വിധി നമ്മുടെ രാജ്യത്തിന് ഒട്ടാകെ ബാധകമല്ലേ?

ശ്രീ. കെ. എം. മാണി: ഈ രാജ്യത്ത് പ്രസക്തമായ ചില നിയമങ്ങളുണ്ട്. സുപ്രീംകോടതിയെ സംബന്ധിച്ചിടത്തോളം ഉണ്ടായ സംഭവം എന്താണ്. 12 വർഷമായി 37 തവണ റീ പ്രൊമുൽഗേറ്റ് ചെയ്ത ബീഹാർ നിയമം സ്ട്രൈക്ക് ഡൗൺ ചെയ്തപ്പോൾ ഇവിടെ ഏഴുമാസം, ഒരുവർഷം, ഒന്നരവർഷമായി റീ-പ്രൊമുൽഗേറ്റ് ചെയ്ത കേരളത്തിലെ ലേബർ വെൽഫെയർ നിയമം രണ്ടുവർഷംപോലുമായില്ല. കേരള മുനിസിപ്പാലിറ്റീസ് (സെക്കൻറ് അമെൻഡ്മെൻറ്) ബിൽ ഒരു വർഷമായി. കേരള മുനിസ്സിപ്പൽ

LIBRARY ARCHIVES Kerala Legislative Assembly

കോർപ്പറേഷൻ (ഭേദഗതി) ബിൽ ഒരു വർഷം 10 മാസമായി. അപ്പോഴും 2 വർഷത്തിന് താഴെ ഏതാനും തവണ മാത്രമേ റീപ്രോമുൽഗേറ്റ് ചെയ്തിട്ടുള്ളൂ. സുപ്രീംകോടതി ജഡ്ജ്മെന്റിന്റെ പ്രസക്തമായ ഭാഗം ഞാൻ ആദ്യം വായിച്ചു. ചില സാഹചര്യത്തിൽ ചിലപ്പോഴും എതാനും തവണ റീ പ്രോമുൽഗേറ്റ് ചെയ്യേണ്ട സാഹചര്യം വരാം. പക്ഷേ ബീഹാറിലേതുപോലെ ജനതാ ഗവൺമെന്റു ഭരിച്ചുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിൽ 39 തവണ, 50 തവണ ഇങ്ങനെയൊക്കെ റീ പ്രോമുൽഗേറ്റ് ചെയ്യുന്നത് It is a fraud on the constitution സുപ്രീംകോടതി പറഞ്ഞത് വ്യത്യസ്തമായ സാഹചര്യത്തിലാണ്. കേരളത്തേപ്പോലെയുള്ള സാഹചര്യമല്ല. കേരളത്തിലേത് ചോദ്യം ചെയ്തിട്ടില്ല. കേരളത്തിലേത് അസ്ഥിരപ്പെടുത്തിയിട്ടില്ല. അസ്ഥിരപ്പെടുത്തിയാൽപ്പോലും ഓർഡിനൻസ് റീപ്ലെയ്സിംഗ് ബില്ലുമായി ഗവൺമെന്റിന് നിയമസഭയിലേക്ക് വരാം. ഓർഡിനൻസ് റീപ്ലെയ്സിംഗ് ബിൽ വാലിഡാണ്. ഓർഡിനൻസ് റീപ്ലെയ്സിംഗ് ബിൽ ഇവിടെ മൂവ് ചെയ്തപ്പോൾ സബ്ജക്റ്റ് കമ്മിറ്റി കൺസിഡർ ചെയ്തു. സബ്ജക്റ്റ് കമ്മിറ്റിയുടെ റിപ്പോർട്ടുവെച്ച്, അത് കൺസിഡറേഷന് വരുമ്പോൾ ആ ഓർഡിനൻസ് റീ പ്രോമുൽഗേറ്റ് ചെയ്യാനിടയായ സാഹചര്യം രേണഘടനാപരമായിട്ടുള്ളതാണ്. അതുകൊണ്ട് സുപ്രീംകോടതിയുടെ ജഡ്ജ്മെന്റിന്റെ അടിസ്ഥാനത്തിൽ ഇത് റീ പ്രോമുൽഗേറ്റ് ചെയ്യാൻ ഇടയായി എന്നുള്ള സ്റ്റേറ്റ്മെന്റ് ബഹുമാനപ്പെട്ട നിയമസഭയിൽ വച്ചത് തികച്ചും ജനാധിപത്യപരമാണ്. ഇത് നിയമസഭയിൽ വച്ചിട്ടുള്ളത് ശരിയാണ്.

ശ്രീ. കെ. പങ്കജാക്ഷൻ; സർ, സബ്ജക്റ്റ് കമ്മിറ്റി കൺസിഡർ ചെയ്തിട്ടില്ലാത്ത, പുതുതായി ഇവിടെ അവതരണാനുമതി തേടുന്ന ബില്ലുകളും കൂട്ടത്തിലുണ്ട്. നിയമസഭയുടെ നടപടികളിൽ നിയമനിർമ്മാണം വളരെ ഭാരമേറിയ സാഹചര്യത്തിൽ റീ പ്രോമുൽഗേറ്റ് ചെയ്യാമെന്നാണ് അദ്ദേഹം സൂചിപ്പിച്ചത്. ഇവിടെ എത്ര നിയമനിർമ്മാണനടപടികളുണ്ടായി എന്ന് അങ്ങേയ്ക്കും അറിയാം. കഴിഞ്ഞ നിയമസഭയിൽ അപ്പം ചുടുന്നതുപോലെ അര മണിക്കൂറും കാൽ മണിക്കൂറും വച്ച് പാസാക്കിയെടുത്തതാണ്. അല്ലാതെ നിയമനിർമ്മാണ നടപടിക്രമം ഗൗരവതരമായി. ഈ സഭ പരിഗണിക്കുന്നതിന് ഗവൺമെന്റ് ഭാഗത്തുനിന്ന് നടപടിയെടുത്തിട്ടില്ല. അതുകൊണ്ട് ഇത് ലേ ചെയ്യുന്നതിന് അനുവദിക്കരുത്. ഓർഡിനൻസ് റീപ്ലെയ്സിംഗ് ബില്ലും ഇവിടെ ലേ ചെയ്യാൻ സമ്മതിക്കരുത്.

മി. സ്പീക്കർ: സുപ്രീം കോടതി വിധിയെത്തുടർന്നുണ്ടായ കാര്യങ്ങളെക്കുറിച്ചാണ് ശ്രീ. വർക്കല രാധാകൃഷ്ണനും ശ്രീ. എ. വി. താമരാക്ഷനും ശ്രീ. കെ. പങ്കജാക്ഷനും നിയമവകുപ്പുമന്ത്രി ശ്രീ. കെ.എം. മാണിയും ഇവിടെപ്പറഞ്ഞത്. ഓർഡിനൻസുകളുടെ റീ പ്രോമുൽഗേഷനെ സംബന്ധിച്ചിടത്തോളം സുപ്രീം കോടതി വിധി നമ്മുടെ പാർലിമെന്ററി ചരിത്രത്തിൽ ഏറ്റവും പരമപ്രധാനമായിട്ടുള്ള ഒരു കാര്യമാണെന്നുള്ളതിൽ യാതൊരു സംശയവുമില്ല. അതു പല സംസ്ഥാന ഗവൺമെന്റുകളുടെ ഭാഗത്തുനിന്നും പ്രകടമായി കണ്ടുവരുന്ന അനഭിലഷണീയമായ റീ പ്രോമുൽഗേഷൻ ടെൻഡൻസിക്ക് ഒരു അറുതി വരുത്തിയിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഓർഡിനൻസുകൾ ഭരണസ്തംഭനം ഒഴിവാക്കാൻ വേണ്ടിയാണ്. അതു കൊണ്ടാണ് ഭരണഘടനയിൽ ആ വ്യവസ്ഥയുള്ളത്. Ordinance will be necessary to avoid standstill in administration. But repeated repromulgation എന്നത് fraud on the constitution ആണെന്നുള്ള സുപ്രീം കോടതിയുടെ അഭിപ്രായം വളരെ കാതലായിട്ടുള്ള ഒരു കാര്യമാണ്. അതിൽ യാതൊരു സംശയവും ആർക്കും ഉണ്ടാകേണ്ട കാര്യമുണ്ടെന്നു തോന്നുന്നില്ല. സുപ്രീം കോടതി വിധിയിൽത്തന്നെ പറഞ്ഞിട്ടുള്ള ഒരു കാര്യം ബഹുമാനപ്പെട്ട മിനിസ്റ്റർ ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. "Of course, there may be a situation where it may not be possible for the Government to introduce and push through in the Legislature a bill containing some provisions in the Ordinance because the Legislature may have too much legislative business in a particular Session or the time of the disposal of the Legislature in a particular Session may be short and in that event, the Governor may legitimately find that it is necessary to repromulgate the Ordinance".

ആ സുപ്രീംകോടതി വിധിയെ അതിന്റെ ലെറ്റർ ആൻഡ് സ്പിരിറ്റിൽത്തന്നെ കാണണം. അതിനകത്ത് എന്തെങ്കിലും ലൂപ്പ്ഹോൾ ഉണ്ടോയെന്നു പരതുന്നത് അത്ര ഭംഗിയല്ല. ബഹുമാനപ്പെട്ട നിയമമന്ത്രിയുടെ ആർഗ്യുമെന്റ് വളരെ നന്നായി. അതുകൊണ്ട് ഇത് സുപ്രീംകോടതി പറഞ്ഞുകഴിഞ്ഞിട്ടും അതിനകത്ത് എന്തെങ്കിലും പഴുതുണ്ടോയെന്ന് പരതുന്നത് അത്ര ഭംഗിയായ കാര്യമാണെന്ന് ചെയറിന് അഭിപ്രായമില്ല. പക്ഷേ ഭരണസ്തംഭനം ഒഴിവാക്കുന്നതിന് "extreme emergency period"ൽ വേണ്ടിവരുമെന്നുള്ള അർത്ഥത്തിലാണ് പറഞ്ഞിട്ടുള്ളത്. അതുകൊണ്ട് അതിന്റെ letter and spirit-ൽ തീർച്ചയായും കാണണം. അലഹബാദ് ഹൈക്കോടതി നേരത്തെത്തന്നെ ഇതിനെ സംബന്ധിച്ച് റൂളിംഗ് നൽകിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെടുത്തി 1985 സെപ്റ്റംബർ മാസം 18-ാം തീയതി ചെയർ തന്നെ റൂളിംഗ് നൽകിയിട്ടുണ്ട്. ഏതായാലും സഭയുടെ അവകാശങ്ങളെ സംബന്ധിച്ചിടത്തോളം അത് സംരക്ഷിക്കുവാനും ഉയർത്തിപ്പിടിക്കുവാനുമുള്ള ചുമതല പ്രതിപക്ഷമെന്നോ ഭരണപക്ഷമെന്നോ കൂടാതെ എല്ലാ പേർക്കുമുണ്ട്. ജനാധിപത്യരംഗത്ത് ഉയർന്നുവന്നിരിക്കുന്ന അനഭിലഷണീയമായ പ്രവണതകളെ സംബന്ധിച്ച് വളരെ ജാഗ്രതയോടുകൂടി പ്രവർത്തിക്കുന്നതിന് സാധാരണ പൗരന്മാർക്കും പലതും ചെയ്യാൻ സാധിക്കുമെന്നുള്ളതിന് ഏറ്റവും വലിയ ഉദാഹരണമാണ് ഈ വിഷയം സുപ്രീം കോടതിയുടെ ശ്രദ്ധയിൽ കൊണ്ടുവന്ന പ്രൊഫസർ ഡി.സി. വാധ്വായുടെ ഈ നടപടി. യഥാർത്ഥത്തിൽ ശ്രീ. വാധ്വായെ ചെയർ അഭിനന്ദിക്കുകയാണ്. He has done a very commendable job. യാതൊരു സംശയവും ഇക്കാര്യത്തിലില്ല. അതേസമയം ഇവിടെയിപ്പോൾ ക്രമപ്രശ്നമായിട്ടുന്നയിച്ചിട്ടുള്ളത് ഓർഡിനൻസുകൾ മേശപ്പുറത്ത് വയ്ക്കുന്നത് ശരിയാണോ അല്ലയോ, ഓർഡിനൻസുകൾ നിലവിലുണ്ടോ എന്നുള്ളതാണ്. ഗവർണ്ണർ ഒരു ഓർഡിനൻസ് പുറപ്പെടുവിച്ചുകഴിഞ്ഞാൽ പിന്നീടുവരുന്ന നിയമസഭാ സമ്മേളനത്തിൽ ആ ഓർഡിനൻസ് വയ്ക്കുകയെന്നുള്ളത് ഭരണഘടനയുടെ ആർട്ടിക്കിൾ 213 (2)(എ) പ്രകാരവും നിയമസഭാചട്ടം 75(2) പ്രകാരവുമുള്ള ഒരു ബാദ്ധ്യതയാണ്. ആ ബാദ്ധ്യത നിറവേറ്റുകയെന്നുള്ള നടപടി മാത്രമാണ് ഇതിനകത്തുണ്ടായിട്ടുള്ളത്. തന്നെയുമല്ല ഈ ഓർഡിനൻസുകളുടെ ഭരണഘടനാപരമായിട്ടുള്ള സാധുതയെ സംബന്ധിച്ച് അന്തിമതീരുമാനമെടുക്കേണ്ടത് കോടതിയാണ്, ബഹുമാനപ്പെട്ട മന്ത്രി ചൂണ്ടി

LIBRARY ARCHIVES Kerala Legislative Assembly

ക്കാണിച്ച ആ പോയിൻറ് വളരെ പ്രസക്തമാണ്. അതിൽ അന്തിമമായ തീരുമാനമെടുക്കേണ്ടത്, ഭരണഘടനാപരമായ സാധുതയെ സംബന്ധിച്ച തീരുമാനം എടുക്കേണ്ടത് കോടതിയാണ്. അതുകൊണ്ട് ചെയർ അതിൽ ഇടപെടാൻ ആഗ്രഹിക്കുന്നില്ല. അതുകൊണ്ട് ഇത് അവതരിപ്പിക്കുന്നതിന് അപാകതയുള്ളതായി തോന്നുന്നില്ല. ഇതു ലേ ചെയ്യാൻ വിരോധമില്ല. ഇതു ലേ ചെയ്യാവുന്നതാണ്.

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, താഴെ പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

1. 1986-ലെ കേരള മുൻസിപ്പൽ നിയമങ്ങൾ (ഭേദഗതി) ഓർഡിനൻസ് (1986-ലെ ഓർഡിനൻസ് നമ്പർ 72) കേരള നിയമസഭാനടപടി ചട്ടങ്ങളിലെ റൂൾ 75 (2) അനുസരിച്ചുള്ള സ്റ്റേറ്റുമെൻറ് സഹിതം.

2. 1986-ലെ ടൗൺ പ്ലാനിംഗ് നിയമങ്ങൾ (ഭേദഗതി) ഓർഡിനൻസ്, (1986-ലെ ഓർഡിനൻസ് 73) കേരള നിയമസഭാ നടപടി ചട്ടങ്ങളിലെ റൂൾ 75 (2) അനുസരിച്ചുള്ള സ്റ്റേറ്റുമെൻറ് സഹിതം.

തൊഴിൽവകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ): സർ, താഴെ പറയുന്ന കടലാസ് ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

1986-ലെ കേരള തൊഴിലാളി ക്ഷേമനിധി ഫണ്ട് (ഭേദഗതി) ഓർഡിനൻസ് (1986-ലെ ഓർഡിനൻസ് നമ്പർ 71) കേരള നിയമസഭാ നടപടി ചട്ടങ്ങളിലെ 75 (2) അനുസരിച്ചുള്ള സ്റ്റേറ്റ്മെൻറ് സഹിതം.

VIII. റിപ്പോർട്ടുസമർപ്പണം

(1) 1986-ലെ നഗരാസൂത്രണ നിയമങ്ങൾ (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്

Minister for Co-operation (**Smt. M. Kamalam**): Sir, I (Chairman of the Subject Committee IX) present the Report of the Subject Committee IX on the Town Planning Laws (Amendment) Bill, 1986 together with the Bill as reported by the Subject Committee.

(2) പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ നൂറിനാല്പത്തിയെട്ടു മുതൽ നൂറിഅമ്പത്തിയഞ്ചുവരെയുള്ള റിപ്പോർട്ടുകൾ

Smt. K. R. Gouri: Sir, I (Chairman of the Committee on Public Accounts) present the one hundred and forty eighth to one hundred and fifty fifth Reports of the Committee.

IX. ധനകാര്യം

1986-87 സാമ്പത്തിക വർഷത്തേക്കുള്ള ഉപധനാഭ്യർത്ഥനകളുടെ സ്റ്റേറ്റുമെൻറ്

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ): സർ; 1986-87 സാമ്പത്തിക വർഷത്തേക്കുള്ള ഉപധനാഭ്യർത്ഥനകളുടെ സ്റ്റേറ്റ്മെൻറ് ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly